**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 525** **13-01-2021 - ൽ മറുപടിയ്ക്ക്**

**പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി. കെ. സി. മമ്മത് കോയ | | Shri E. P. Jayarajan<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി) | |
| (എ) | ഈ സർക്കാർ വന്നതിനുശേഷം ഏതൊക്കെ പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളാണ് ലാഭത്തിലായത് എന്ന് വ്യക്തമാക്കാമോ; | (എ) | എ) ഈ സർക്കാർ അധികാരത്തിൽ വരുന്നതിനു മുൻപ് 2015-16 വർഷത്തിൽ വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പ്രവർത്തന അവലോകനത്തിനു വിധേയമാക്കിയ 40 സ്ഥാപനങ്ങളിൽ 8 സ്ഥാപനങ്ങൾ ലാഭത്തിലും 32 സ്ഥാപനങ്ങൾ നഷ്ടത്തിലും പ്രവർത്തിച്ചിരുന്നു. 2019-20 ൽ 42 സ്ഥാപനങ്ങളെ ആഡിറ്റിനുള്ള വാർഷിക കണക്കുകൾ പ്രകാരം അവലോകനത്തിനു വിധേയമായിക്കിയതിൽ 15 സ്ഥാപനങ്ങൾ പ്രവർത്തന ലാഭത്തിലും 27 സ്ഥാപനങ്ങൾ നഷ്ടത്തിലും പ്രവർത്തിക്കുന്നു. 2019-20 ലെ കണക്കുകൾ പ്രകാരം 2015-16 സാമ്പത്തിക വർഷത്തിൽ വ്യവസായ വകുപ്പിന്റെ അധീനതയിൽ നഷ്ടത്തിൽ പ്രവർത്തിച്ചിരുന്ന ചുവടെ ചേർത്തിട്ടുള്ള സ്ഥാപനങ്ങൾക്ക് 2019-20 ലെ ആഡിറ്റിനു മുൻപുള്ള വാർഷിക കണക്കുകൾ പ്രകാരം പ്രവർത്തന ലാഭം കൈവരിക്കുവാൻ സാധിച്ചിട്ടുണ്ട്. 1. കേരള മിനറൽസ് ആന്റ് മെറ്റൽസ് ലിമിറ്റഡ്. 2. ട്രാവൻകൂർ കൊച്ചിൻ കെമിക്കൽസ് ലിമിറ്റഡ്. 3. ട്രാൻസ്ഫോമേഴ്സ് ആന്റ് ഇലക്ട്രിക്കൽസ് കേരളാ ലിമിറ്റഡ്. 4. കേരള സ്റ്റേറ്റ് ഇൻസ്ട്രിയൽ എന്റർപ്രൈസ് ലിമിറ്റഡ്. 5. കെൽട്രോൺ കമ്പോണന്റ് കോംപ്ലക്സ് ലിമിറ്റഡ്. 6. കേരളാ സിറാമിക്സ് ലിമിറ്റഡ് 7. സ്റ്റീൽ ആന്റ് ഇൻഡസ്ട്രിയൽ ഫോർജിംഗ്സ് ലിമിറ്റഡ്. 8. യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻസ്ട്രീസ് ലിമിറ്റഡ് 9. കേരളാ ഇലക്ട്രിക്കൽ ആന്റ് അലൈഡ് എഞ്ചിനീയറിംഗ് കമ്പനി ലിമിറ്റഡ്. |
| (ബി) | പൊതുമേഖലാ വ്യവസായങ്ങളുടെ വളർച്ച സംബന്ധിച്ച് മുൻ സർക്കാരിന്റെ കാലവുമായി ബന്ധപ്പെട്ട് താരതമ്യ കണക്കുകൾ ലഭ്യമാണോ; എങ്കിൽ ലഭ്യമാക്കാമോ? | (ബി) | മുൻ സർക്കാരിന്റെ കാലത്ത് 2015-16 സാമ്പത്തിക വർഷം വ്യവസായ വകുപ്പിന്റെ അധീനതയിൽ ഉള്ള പൊതുമേഖലാ സ്ഥാപനങ്ങളിൽ എട്ട് സ്ഥാപനങ്ങൾ ആണ് ലാഭത്തിൽ പ്രവർത്തിച്ചത്. നിലവിൽ 2019-20 ലെ ആഡിറ്റിന് മുൻപുള്ള കണക്കുകൾ പ്രകാരം 15 സ്ഥാപനങ്ങൾ പ്രവർത്തന ലാഭം കൈവരിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | 2015-16 ൽ സ്ഥാപനങ്ങളുടെ മൊത്തം ഉൽപ്പാദനം 2444 കോടി രൂപയായിരുന്നത് 2019-20 ലെ കണക്കുകൾ പ്രകാരം 3307 കോടി രൂപയായി ഉയർന്നിട്ടുണ്ട്. കൂടാതെ 2015-16 ൽ സ്ഥാപനങ്ങളുടെ മൊത്തം വിറ്റുവരവ് 2800 കോടി രൂപയായിരുന്നത് 2019-20 ലെ കണക്കുകൾ പ്രകാരം 3148.41 കോടി രൂപയായി ഉയർന്നിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ